## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4764 27/06/2014-ൽ മറുപടിയ്ക്ക്

# കണ്ണൂർ ജില്ലയിലെ പദ്ധതികൾ

ചോദ്യം
ശ്രീ. കെ. കെ. നാരായണൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

| ചോദ്യം | മറുപടി |
| --- | --- |
| എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കണ്ണൂർ ജില്ലയിൽ കാർഷിക മേഖലയിൽ എന്തെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) കഴിഞ്ഞ മൂന്ന് വർഷക്കാലം കണ്ണൂർ ജില്ലയിൽ ആരംഭിച്ചിട്ടുളള പ്രധാന കാർഷിക പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. തരിശു നെൽകൃഷി.<br>2. കര നെൽകൃഷി,<br>3. പച്ചക്കറി കൃഷി വികസന പദ്ധതി.<br>4. കരാർകൃഷി.<br>5. ജൈവ കൃഷി.<br>6. തെങ്ങ് കൃഷി വികസനം.<br>7. നാളികേര സംഭരണം.<br>8. ഫാമുകളുടെ വികസനം.<br>9. വിത്തു തേങ്ങ സംഭരണം.<br>10. കാർഷിക യന്ത്രവൽകരണം.<br>11. അഗ്രോ സർവ്വീസ് സെന്റർ.<br>12. കർഷക പെൻഷൻ.<br>13. വിള ആരോഗ്യ പരിപാലന പദ്ധതി.<br>14. നിറവ് പദ്ധതി.<br>15. കൊപ്ര ഡ്രയർ വിതരണം.<br>16. ആത്മ പദ്ധതി.<br>17. ലീഡ്സ് പദ്ധതി.<br>സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെയുള്ള 2011-12, 2012-13-ലെ പദ്ധതികൾ, ഹൈടെക് ഫാമിംഗ് പദ്ധതി 2012-13, 2013-14, വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് 2013-14 എന്നിവയാണ് പുതിയതായി ആരംഭിച്ച പദ്ധതികൾ. |

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖേന കണ്ണൂർ ജില്ലയിൽ ചുവടെ പറയുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

- 106 സ്വാശ്രയ കർഷക സംഘങ്ങൾ രൂപീകരിക്കുകയും, 2000 കർഷകരെ അംഗങ്ങളാക്കുകയും ചെയ്തു.
- 2088 ഹെക്ടറിൽ പച്ചക്കറിയും, 2509 ഹെക്ടറിൽ വാഴയും കൃഷി ചെയ്തിട്ടുണ്ട്.
- കർഷക പങ്കാളിത്തത്തോടെ 17 പങ്കാളിത്ത ഗവേഷണ പദ്ധതികൾ നടപ്പിലാക്കി.
- 55 കർഷക പരിശീലനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.
- നൂതന സാങ്കേതിക വിദ്യകളും, കൃഷി രീതികളും പ്രചരിപ്പിക്കുന്നതിനായി 15 ഡെമോൺസ്ട്രേഷനുകൾ, 8 കാമ്പയിനുകൾ എന്നിവ നടത്തിയിട്ടുണ്ട്.
- നൂതന കൃഷി രീതിയായ പ്രിസിഷൻ കൃഷി രീതികൾ ജില്ലയിൽ നടപ്പിലാക്കി വരുന്നു.
- മണ്ണ് പരിശോധന നടത്തി വളപ്രയോഗ ശുപാർശകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തു വരുന്നു.
- കർഷക പങ്കാളിത്തത്തോടെ ജില്ലയിൽ പ്രവർത്തിച്ചു വരുന്ന 13 സ്വാശ്രയ കർഷക സമിതികൾ വഴി 3328 മെട്രിക് ടൺ പച്ചക്കറികൾ 3304 മെട്രിക് ടൺ കായ എന്നിവ വിപണനം നടത്തിയിട്ടുണ്ട്.
- കീഴൂർ, ചാവശ്ശേരി, മട്ടന്നൂർ, കൂടാളി എന്നീ സ്വാശ്രയ കർഷക സമിതികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകിയിട്ടുണ്ട്.
- മുഴക്കുന്ന്, കുന്നോത്ത് പറമ്പ്, പേരാവൂർ എന്നീ പഞ്ചായത്തുകളിൽ പുതിയ സ്വാശ്രയ കർഷക വിപണി ആരംഭിച്ചു.
- മങ്ങാട്ടിടത്ത് ഒരു പച്ചക്കറി തൈ ഉൽപാദന യൂണിറ്റ് ആരംഭിച്ചു.
- ആർ.കെ.വി.വൈ യുടെ ധനസഹായത്തോടെ നിറവ് പദ്ധതി കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി.
- സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ

പെരി അർബൻ പദ്ധതി ജില്ലയിൽ നടപ്പിലാക്കി.

- APEDA യുടെ ധനസഹായത്തോടെ ഒരു പായ്ക്ക് ഹൗസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ബി) ഇത് ഏതൊക്കെയാണെന്നും ഏതൊക്കെ ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

ബി) മേൽ വിവരിച്ച കൃഷി വകുപ്പു മുഖേനയുള്ള എല്ലാ പദ്ധതികളും പൂർത്തീകരിച്ച് കഴിഞ്ഞവയാണ്. ആത്മ പദ്ധതി പ്രകാരം മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സോയിൽ കൺസർവേഷൻ എന്നീ വകുപ്പുകളെ സംയോജിപ്പിച്ച് കൊണ്ട് കൃഷിക്കാർക്ക് ഉപകാരപ്രദമായ വിവിധ വിജ്ഞാനവ്യാപന ഘടകങ്ങൾ ഉൾക്കൊള്ളിച്ച് നടപ്പിലാക്കി വരുന്നു.

കണ്ണൂർ ജില്ലയിലെ തെരഞ്ഞെടുത്ത നേതൃകർഷകർക്ക് നൽകി വരുന്ന വിജ്ഞാനവ്യാപന പരിപാടിയാണ് ലീഡ്സ് പദ്ധതി. 243 നേതൃകർഷകരും 243 സാറ്റലൈറ്റ് കർഷകർക്കും തെങ്ങ്, നെല്ല്, വാഴ, പച്ചക്കറി എന്നീ കൃഷികൾക്ക് ആവശ്യമായ സാങ്കേതിക അറിവുകൾ നൽകുന്നുണ്ട്.

തൊഴിൽ ക്ഷാമം പരിഹരിക്കുന്നതിനും യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതിനുമായി 2011-12 മുതൽ ആരംഭിച്ച പദ്ധതിയായ ആഗ്രോ സർവ്വീസ് സെന്റർ നിലവിൽ കുത്തുപറമ്പ്, ഇരിക്കൂർ, പയ്യന്നൂർ, തലശ്ശേരി എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്നു. വിശദ വിവരം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതികളുടെ വിശദ വിവരം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.

(signature)

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച ധനസഹായം (തുക ലക്ഷത്തിൽ) (കഴിഞ്ഞ മൂന്നു വർഷ കാലയളവിൽ നൽകിയത്) |
|---|---|---|
| 1 | സുസ്ഥിര നെൽകൃഷി പദ്ധതി | 686.36 |
| 2 | തരിശ് നെൽകൃഷി | 36.32 |
| 3 | തരിശ് നെൽകൃഷി(വനിത) | 9.25 |
| 4 | കരനെൽകൃഷി | 102.26 |
| 5 | വടക്കാഞ്ചേരി മോഡൽ നെൽകൃഷി | 41.15 |
| 6 | പച്ചക്കറി കൃഷി വികസന പദ്ധതി | 572.25 |
| 7 | കണിക ജലസേചന പദ്ധതി | 28.54 |
| 8 | സംയോജിത കീട പരിപാലന പദ്ധതി | 1.91 |
| 9 | കര കൃഷി | 110.81 |
| 10 | അഗ്മാർക്ക് പദ്ധതി | 10.56 |
| 11 | ഉല്പാദനോപാധികളുടെ ഗുണനിലവാര നിയന്ത്രണ പദ്ധതി | 8.45 |
| 12 | ജൈവകൃഷി | 22.48 |
| 13 | കാർഷിക വിജ്ഞാന വ്യാപനം | 313.03 |
| 14 | കാർഷിക പരിശീലന പരിപാടി | 42.74 |
| 15 | വിള ഇൻഷ്വറൻസ് പദ്ധതി | 24.95 |
| 16 | ഓണചന്തകൾ | 15.00 |
| 17 | മാർക്കറ്റ് വികസനം | 5.74 |
| 18 | തെങ്ങ് കൃഷി | 3261.40 |
| 19 | നാളീകേര സംഭരണം | 1.88 |
| 20 | ഫാമുകളുടെ വികസനം | 27.27 |
| 21 | വിത്തുതേങ്ങസംഭരണം | 60.03 |
| 22 | ബയോഗ്യാസ് | 85.11 |
| 23 | കാർഷിക യന്ത്രവത്ക്കരണം | 31.76 |
| 24 | പ്രകൃതിക്ഷോഭ ധനസഹായം | 471.63 |
| 25 | കാർഷിക വൈദ്യുതി പദ്ധതി | 151.98 |
| 26 | നെല്ലിന്റെ ഉല്പാദന ബോണസ് | 76.39 |

| | | |
|---|---|---|
| 27 | കുരുമുളക് കൃഷി | 358.86 |
| 28 | അഗ്രോസർവ്വീസ് സെന്റർ | 111.51 |
| 29 | കർഷക പെൻഷൻ | 1915.0 |
| 30 | വിളആരോഗ്യപരിപാലന പദ്ധതി | 21.68 |
| 31 | നിറവ് പദ്ധതി | 25.1 |
| 32 | മണ്ണ് സസ്യ ആരോഗ്യപരിപാലന പദ്ധതി | 5.29 |
| 33 | കൊപ്ര ഡ്രയർ വിതരണം | 4.68 |
| | ആകെ | 8672.78 ലക്ഷം രൂപ |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം -II

| ക്രമ നം. | പദ്ധതികൾ | അനുവദിച്ച ധനസഹായം (ലക്ഷം) | | | | | |
|---|---|---|---|---|---|---|---|
| | | 2011-12 | | 2012-13 | | 2013-14 | |
| | | ഭൗതികം | സാമ്പത്തികം | ഭൗതികം | സാമ്പത്തികം | ഭൗതികം | സാമ്പത്തികം |
| 1. | കൈതച്ചക്ക നഴ്സറി | 0 | 1 | | | | |
| 2. | പച്ചക്കറി ഉദ്പാദനം | 0 | 1 | | | | |
| 3. | ഫലവൃക്ഷത്തോട്ടം ഫലശ്രീ/ നിറവ് | 10 | 2.5 | | | | |
| 4. | ഒരുവീട്ടിൽ ഒരു മാവ് | | | 69.44 | 10.6963 | | |
| 5. | കൈതച്ചക്ക | 13.8 | 3.70875 | | | 15 | 3.9375 |
| 6. | വാഴ | 520 | 139.48577 | 179.174 | 46.67192 | 71.9032 | 19.46379 |
| 7. | കട്ട് ഫ്ളവർ | 27 | 9.625 | 2 | 0.7 | 1 | 0.35 |
| 8. | സുഗന്ധ വ്യഞ്ജനങ്ങൾ | 166.2 | 31.81988 | 125 | 19.55278 | 168.32 | 28.1069 |
| 9. | തോട്ട വിളകൾ | 200 | 23.99996 | 95 | 10.2 | 97.95 | 11.754 |
| 10. | പുനരുദ്ധാരണം - കവുങ്ങ് | 55 | 7.0125 | | - | | - |
| 11. | കൊക്കൊ | 50 | 7.4922 | 35 | 5.25 | | - |
| 12. | കുരുമുളക് | 140 | 26.4378 | 150 | 21.46225 | 135.88 | 20.659 |
| 13. | ജലസംഭരണികളുടെ നിർമ്മാണം | 4 | 6.3316 | | 3 | | 1.26945 |
| 14. | ഹരിത ഗൃഹം | 2056m2 | 9.245 | | - | 1700m2 | 7.9475 |
| 15. | ഹൈടെക് ഫാമിംഗ് 2012-13 | | | 400m2 | 1.87 | 2000m2 | 9.35 |
| 16. | ഷേഡ് നെറ്റ് | 840m2 | 2.52 | | - | 160m2 | 0.48 |
| 17. | ഐ.എൻ.എം/ഐ.പി.എം | 73 | 0.72 | 318.6 | 3.186 | 77 | 0.82 |
| 18. | മണ്ണിര കമ്പോസ്റ്റ് | 18 | 6.36153 | 18 | 5.16922 | 9 | 2.69206 |
| 19. | യന്ത്ര വൽക്കരണം | 47 | 7.46461 | 55 | 11.62708 | 73 | 13.59785 |
| 20. | ആർ.കെ.വി.വൈ 2011-12 | | 69.13874 | | | | |
| 21. | ആർ.കെ.വി.വൈ. 2012-13 | | | 300 | 81.74998 | | |
| 22. | വി.ഐ.യു.സി. | | | | | | 8.51 |

സെക്ഷൻ ഓഫീസർ